**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 787** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പ്രൊമോട്ടർമാരുടെ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പ്രൊമോട്ടർമാരുടെ തെരെഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച കൊണ്ട് 22.01.2022 -ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പ്രൊമോട്ടർമാരുടെ ഉയർന്ന പ്രായപരിധി 30 വയസ്സായി നിശ്ചയിച്ചതിനാൽ നിലവിലുള്ള പ്രൊമോട്ടർമാർ ഭൂരിപക്ഷവും പുറത്താകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി പ്രൊമോട്ടർ ഒരു സ്ഥിരം തസ്തികയല്ല. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ - വികസന പദ്ധതികൾ സംബന്ധിച്ച അറിയിപ്പും അവബോധവും പ്രാദേശിക തലത്തിൽ നൽകി അവയുടെ പ്രയോജനം അർഹരായവരിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ഒരു വർഷക്കാലയളവി ലേക്കാണ് ഇവർ നിയമിക്കപ്പെടുന്നത്. ഈ മേഖലയിലേയ്ക്ക് കൂടുതലായി യുവതീ-യുവാക്കൾക്ക് അവസരം നൽകി പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിലവിലെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സ.ഉ.(കൈ)നം.6/2022/പജപവവിവ തീയതി 22.01.2022) പുറപ്പെടുവിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ സാമൂഹ്യസേവനവും സർക്കാർ സംവിധാനത്തിൽ പ്രവർത്തിച്ച പരിചയവും കൈമുതലാക്കി മെച്ചപ്പെട്ട തൊഴിൽമേഖലകളിലേക്ക് എത്തിച്ചേരുവാൻ പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഒരു സംവിധാനമൊരുക്കുന്നതിനുമാണ്. +2 ആണ് കുറഞ്ഞ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എഴുത്തു പരീക്ഷ, അഭിമുഖം എന്നിവയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാരുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി നിർബന്ധിത പരിശീലനവും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | അനുഭവസമ്പത്തുള്ള പ്രൊമോട്ടർമാരുടെ സേവടി നം ഉറപ്പവരുത്തുന്നതിനായി പ്രൊമോട്ടർമാരുടെ ഉയർന്ന പ്രായപരിധി 40 വയസായി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി പ്രൊമോട്ടർ ഒരു സ്ഥിരം തസ്തികയല്ല. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ - വികസന പദ്ധതികൾ സംബന്ധിച്ച അറിയിപ്പും അവബോധവും പ്രാദേശിക തലത്തിൽ നൽകി അവയുടെ പ്രയോജനം അർഹരായവരിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ഒരു വർഷക്കാലയളവി |

| | | | |
|---|---|---|---|
| | | | ലേക്കാണ് ഇവർ നിയമിക്കപ്പെടുന്നത്. ഈ മേഖലയിലേയ്ക്ക് കൂടുതലായി യുവതീ-യുവാക്കൾക്ക് അവസരം നൽകി പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിലവിലെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സ.ഉ.(കൈ)നം.6/2022/പജപവവിവ തീയതി 22.01.2022) പുറപ്പെടുവിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ സാമൂഹ്യസേവനവും സർക്കാർ സംവിധാനത്തിൽ പ്രവർത്തിച്ച പരിചയവും കൈമുതലാക്കി മെച്ചപ്പെട്ട തൊഴിൽമേഖലകളിലേക്ക് എത്തിച്ചേരുവാൻ പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഒരു സംവിധാനമൊരുക്കുന്നതിനുമാണ്. +2 ആണ് കുറഞ്ഞ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എഴുത്തു പരീക്ഷ, അഭിമുഖം എന്നിവയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാരുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി നിർബന്ധിത പരിശീലനവും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ